# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 729 02.12.2015 ൽ മറുപടി പറയേണ്ടത്

**കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി റീജണൽ മാനേജർ നിയമനത്തിലെ അഴിമതി**

| **ചോദ്യം**<br>**ശ്രീ. കെ. വി. അബ്ദുൾഖാദർ :** | **മറുപടി**<br>**ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി റീജണൽ മാനേജർ നിയമനത്തിൽ അഴിമതിയും ഉന്നത ഇടപെടലും ഉണ്ടായതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഇല്ല |
| (ബി) മുൻകാലങ്ങളിൽ ഈ നിയമനത്തിന് സ്വീകരിച്ചിരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു; | മുൻകാലങ്ങളിൽ റീജണൽ മാനേജർ നിയമനം നടത്തിയിരുന്നില്ല. |
| (സി) അതിൽനിന്നും വ്യത്യസ്തമായി നിയമനം നടത്താൻ ആരാണ് ഉത്തരവ് നൽകിയത്;<br><br>(ഡി) നിലവിൽ കോർപ്പറേഷനിൽ ജോലിനോക്കുന്ന എം.ഫാം. യോഗ്യതയുള്ളവരെ പ്രസ്തുത പോസ്റ്റിലേയ്ക്കുള്ള നിയമനത്തിൽ നിന്ന് ഒഴിവാക്കിയിരുന്നോ; എങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ? | (സി) യും (ഡി) യും<br>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരമാണ് ഇപ്പോഴത്തെ നിയമനത്തിനായി നടപടികൾ സ്വീകരിച്ചത്. കോർപ്പറേഷനിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വിഭാഗത്തിൽ ജോലി ചെയ്യുന്ന കാരുണ്യ ഫാർമസിയിലും കാരുണ്യ മെഡിസിൻ ഡിപ്പോയിലും മാനേജ് ചെയ്ത് പരിചയമുള്ള ബി.ഫാം അല്ലെങ്കിൽ എം.ഫാം യോഗ്യതയുള്ള എല്ലാവരെയും റീജണൽ മാനേജർ നിയമനത്തിന് പരിഗണിച്ചിരുന്നു. മറ്റു വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന പ്രസ്തുത യോഗ്യതയില്ലാത്തവരെ നിയമനത്തിന് പരിഗണിച്ചിരുന്നില്ല. കൂടാതെ തിരുവനന്തപുരം ജില്ല ഉൾപ്പെടുന്ന റീജണൽ മാനേജരായി നിയമിതനായ ഉദ്യോഗാർത്ഥി എം.ഫാം. യോഗ്യതയുള്ളയാളാണ്. |

സെക്ഷൻ ഓഫീസർ